# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **188**

**05.11.2019** ൽ മറുപടിക്ക്

### തോട്ടഭൂമിയിലെ ഖനനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി.മമ്മൂട്ടി | | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തോട്ടഭൂമിയിൽ ഖനനം പാടില്ലെന്ന സുപ്രീംകോടതി വിധി നടപ്പാക്കിയാൽ സംസ്ഥാനത്തെ ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയില്ല എന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഭൂപരിഷ്കരണ നിയമ പ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കുവാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16.11.2018 തീയതിയിൽ ബഹു.ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവ് 30.09.2019 തീയതിയിലെ വിധിന്യായം പ്രകാരം ബഹു. സുപ്രീംകോടതി ശരിവച്ചു. 16.11.2018 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം, റവന്യൂ രേഖകളിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള Exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി പരിഗണിക്കാമെന്ന ബഹു.ഹൈക്കോടതി ഉത്തരവാണ് ഉണ്ടായിരുന്നത്. അതിനാൽ 16.11.2018 തീയതിയിലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned Land ആണോ Kerala Conservation of Paddy and Wet Land Act, 2008 ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ആയതിനാൽ, "തോട്ടം" വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തിയ ശേഷമേ സുപ്രീംകോടതി വിധി പ്രകാരം ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് പരിശോധിക്കുവാൻ നിർവ്വാഹമുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | 1964 ലെ ഭൂപതിവ് ചട്ടത്തിൽ ഭേദഗതി വരുത്തി ഖനനത്തിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം ഒരിക്കൽ കൂടി പരിശോധിച്ച് സമർപ്പിക്കുവാൻ 01.08.2019 തീയതിയിൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും, ലാന്റ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. |
| (സി) | നിർമ്മാണമേഖലയ്ക്ക് ആവശ്യമായ കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | വർഷാരംഭത്തിൽ, കേരളത്തിൽ 723 ക്വാറികൾക്ക് ഖനനാനുമതി ഉണ്ടായിരുന്നതാണ്. 2018 വർഷത്തെ പ്രളയം മൂലം ഖനനം നിർത്തിയ വയനാട് ജില്ലയിലും, കരിങ്കൽ ക്വാറികളില്ലാത്ത ആലപ്പുഴ ജില്ലയിലും, താരതമ്യേന ക്വാറികൾ കുറവായ കൊല്ലം ജില്ലയിലുമാണ് കരിങ്കല്ലിനു ക്ഷാമം നേരിട്ടുകൊണ്ടിരുന്നത്. എന്നാൽ, ഈ വർഷമുണ്ടായ പ്രളയം, ഉരുൾപൊട്ടൽ എന്നിവ മൂലം കേരളത്തിൽ നിരവധി ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിരിക്കുകയാണ്. വന്യജീവി സങ്കേതം, ദേശീയോദ്യാനം എന്നിവയുടെ 10 കി.മീ പരിധിയ്ക്കുള്ളിൽ ഖനനം നടത്തുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപ പത്രം (NOC) ആവശ്യമാണെന്ന ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ടി ദൂര പരിധിയിലുള്ള ഏകദേശം 150 കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യവും വന്നു ചേർന്നിരിക്കുകയാണ്. എന്നിരുന്നാലും, കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 01.01.2019 മുതൽ നാളിതുവരെ 223 കരിങ്കൽ ക്വാറികൾക്ക് ഖനനാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ